<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2430</u> <u>14/06/2019-ൽ മറുപടിക്ക്</u>

**<u>മാങ്കുളം ജലവൈദ്യുത പദ്ധതിയ്ക്കായി ഏറ്റെടുത്ത ഭൂമി</u>**

| | <u>ചോദ്യം</u><br><br>**ശ്രീ.റോജി എം. ജോൺ** | | <u>ഉത്തരം</u><br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ മാങ്കുളം ജല വൈദ്യുത പദ്ധതിയ്ക്കായി മലയോര കർഷകരിൽ നിന്നും കെ.എസ്. ഇ.ബി.വിവിധ കാലയളവിൽ കൈ വശത്തിലെടുത്ത/ ഇനി എടുക്കവാനുള്ള പുറമ്പോക്ക് ഭൂമി എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | മാങ്കുളം ജലവൈദ്യുത പദ്ധതിയ്ക്കായി മലയോര കർഷകരിൽ നിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവിധ കാലയളവിലായി നാളിതുവരെ 9.31 ഹെക്ടർ പുറമ്പോക്ക് സ്ഥലം കൈവശപ്പെടുത്തിയിട്ടുണ്ട് ഇനി 5.59 ഹെക്ടർ പുറമ്പോക്ക് സ്ഥലം ഏറ്റെടുക്കവാനുണ്ട്. |
| (ബി) | 2006-2011 കാലയളവിൽ സ്വകാര്യ വ്യക്തികളിൽ നിന്നും എക്സ്ഗ്രേഷ്യ നൽകി കെ.എസ്.ഇ.ബി. ലിമിറ്റഡ് കൈവശത്തിലെടുത്ത സർക്കാർ പുറമ്പോക്ക്, നിക്ഷിപ്ത വനമായി പ്രഖ്യാപിക്കാനുദ്ദേശിക്കുന്ന റവന്യൂ പുറമ്പോക്ക് എന്നിവ സംബന്ധിച്ച് കൈവശക്കാരുടെ എണ്ണവും ഭൂമിയുടെ വിസ്തൃതിയും വ്യക്തമാക്കുമോ; | (ബി) | മാങ്കുളം ജലവൈദ്യുത പദ്ധതിയ്ക്കായി 2006 – 2011 കാലയളവിൽ പുറമ്പോക്ക് ഭൂമി കൈവശത്തിലെടുത്തിട്ടില്ല. |
| (സി) | ഇത് 2011-2016 കാലയളവിലും 2016 മുതൽ ഇതുവരെയും എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (സി) | 2011-2016 കാലയളവിൽ 33 പേരുടെ കൈവശത്തിലുള്ള 5.32 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയും; 18 പേരുടെ കൈവശത്തിലുള്ള 1.42 ഹെക്ടർ സർക്കാർ പുഴ പുറമ്പോക്ക് ഭൂമിയും; 3 പേരുടെ കൈവശത്തിലുള്ള 0.18 ഹെക്ടർ നിക്ഷിപ്ത വനമായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്ന സർക്കാർ പുറമ്പോക്ക് ഭൂമിയും ഉൾപ്പെടെ മൊത്തം 692 ഹെക്ടർ പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികളിൽ നിന്നും, അടുത്തുള്ള സമാനമായ പട്ടയ ഭൂമിക്ക് നൽകിയ, വില നൽകി കെ.എസ്.ഇ.ബി.ലിമിറ്റഡ് കൈ വശത്തിലെടുത്തിട്ടുണ്ട്.<br>2016 മുതൽ ഇതുവരെയുള്ള കാലയളവിൽ 18 പേരുടെ കൈവശത്തിലുള്ള |

| | | | |
|---|---|---|---|
| | | | 2.39 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികളിൽ നിന്നും കെ.എസ്.ഇ.ബി.ലിമിറ്റഡ് കൈവശത്തിലെടുത്തിട്ടുണ്ട്. സർക്കാർ പുഴ പുറമ്പോക്ക് ഭൂമി, നിക്ഷിപ്ത വനമായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്ന സർക്കാർ പുറമ്പോക്ക് ഭൂമി എന്നിവ 2016 മുതൽ ഏറ്റെടുത്തിട്ടില്ല. |
| (ഡി) | പദ്ധതിയ്ക്കായി ആവശ്യമുള്ളതും ഇനി ഏറ്റെടുക്കുവാനുള്ളതുമായ മേൽ ഗണത്തിൽപ്പെടുന്ന ശേഷിക്കുന്ന സ്വകാര്യ കൈവശക്കാരുടെ എണ്ണവും ഭൂമിയുടെ വിസ്തൃതിയും വിശദമാക്കുമോ; | (ഡി) | മാങ്കുളം ജലവൈദ്യുത പദ്ധതിയ്ക്കായി 17 പേരുടെ കൈവശത്തിലുള്ള 0.92 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയും, 20 പേരുടെ കൈവശത്തിലുള്ള 1.61 ഹെക്ടർ പുഴ സർക്കാർ പുറമ്പോക്ക് ഭൂമിയും; 30 പേരുടെ കൈവശത്തിലുള്ള 3.06 ഹെക്ടർ നിക്ഷിപ്ത വനമായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്ന സർക്കാർ പുറമ്പോക്ക് ഭൂമിയും ഉൾപ്പെടെ മൊത്തം 5.59 ഹെക്ടർ പുറമ്പോക്ക് ഭൂമി ഏറ്റെടുക്കുവാനുണ്ട്. |
| (ഇ) | പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനു തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ? | (ഇ) | പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ